# ആലപ്പുഴയിലെ 'തൈ ഉത്പാദന' നേഴ്സറി യൂണിറ്റുകൾ

ഇതരസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന വിഷമടിച്ച പച്ചക്കറികൾ ഭക്ഷിക്കുന്നത് മൂലമുണ്ടാകുന്ന ഭവിഷ്യത്തുകൾ തിരിച്ചറിഞ്ഞ് ജൈവകൃഷിയിലേക്കും അടുക്കളത്തോട്ടത്തിലേക്കും മട്ടുപ്പാവ് കൃഷിയിലേക്കുമെല്ലാം ജനങ്ങൾ തിരിയുന്ന കാലമാണ് ഇപ്പോൾ കേരളത്തിൽ. പച്ചക്കറി മുതൽ എന്തിനും ഏതിനും ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തിൽ കാർഷിക മേഖലയിൽ ഇക്കാലയളവിൽ ഏറെ മാറ്റങ്ങളുണ്ടായിട്ടുണ്ട്. സർക്കാരിന്റെ ഭാഗത്ത് നിന്ന് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങളും നടന്നു വരുന്നു. പ്രാദേശികമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേരളത്തിൽ അങ്ങോളമിങ്ങോളം കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതികളും ഇതോടൊപ്പം നടപ്പാക്കുന്നുണ്ട്.

ഇങ്ങനെയുള്ള പദ്ധതിയുടെ ഭാഗമായി സൂക്ഷ്മ സംരംഭക യൂണിറ്റുകൾ ആരംഭിച്ച് വിജയം കൈവരിച്ചിരിക്കുകയാണ് ആലപ്പുഴയിലെ കഞ്ഞിക്കുഴി സിഡിഎസിന് കീഴിലുള്ള 90 വനിതകൾ. പഞ്ചായത്തിന്റെ ആവശ്യപ്രകാരം ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതിക്ക് വേണ്ടി പച്ചക്കറി തൈകൾ ഉത്പാദിപ്പിച്ച് നൽകുന്ന നേഴ്സറി യൂണിറ്റുകൾ ഇവർ വിജയകരമായി നടത്തി വരുന്നു. പഞ്ചായത്തിന് വേണ്ട തൈകൾ ഉത്പാദിപ്പിച്ച് വിലയ്ക്ക് നൽകും.

## കഞ്ഞിക്കുഴിയിലെ ജൈവകൃഷി ചരിത്രം, ആശയ രൂപീകരണം

ജൈവകൃഷിക്ക് പേരുകേട്ട പഞ്ചായത്താണ് ആലപ്പുഴയിലെ കഞ്ഞിക്കുഴി. ചൊരി മണലിലും കൃഷി ചെയ്യാനാകുമെന്ന് തെളിയിച്ച പഞ്ചായത്ത്. 2000-2001 വർഷം മുതലാണ് എല്ലാ വീടുകളിലും കൃഷി എന്ന ആശയത്തോടെ പഞ്ചായത്ത് പ്രത്യേക പ്രവർത്തനങ്ങൾ തുടങ്ങുന്നത്. ആദ്യ തവണ തന്നെ മികച്ച വിളവ് ലഭിച്ചതോടെ കൂടുതൽ പേർ പഞ്ചായത്തിൽ ജൈവകൃഷിക്ക് മുന്നിട്ടിറങ്ങി. കഞ്ഞിക്കുഴി പഞ്ചായത്തിന്റെ ഈ വിപ്ലവകരമായ നേട്ടത്തിന് അത്തവണത്തെ സ്വരാജ് ട്രോഫിയും ലഭിച്ചു. ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരള തദ്ദേശ സ്വയംഭരണ വകുപ്പ് നൽകുന്ന ബഹുമതിയാണിത്.

**<u>കുടുംബശ്രീയുടെ വരവ്</u>**

തുടക്കത്തിൽ പച്ചക്കറി വിത്തുകളായിരുന്നു ജൈവഹരിത സമൃദ്ധി പദ്ധതിയെന്ന ഈ പദ്ധതിക്കായി നൽകിയിരുന്നത്. എന്നാൽ പലപ്പോഴും വിത്തുകൾ വാങ്ങിപ്പോകുന്നവർ അത് മുളപ്പിച്ച് കൃഷി ചെയ്യാൻ മടിക്കുന്നുവെന്ന് അറിഞ്ഞതോടെ പഞ്ചായത്ത് തന്നെ യാണ് പച്ചക്കറി തൈകൾ ഉത്പാദിപ്പിച്ച് ഓരോ വീടുകളിലും വിതരണം ചെയ്യുകയെന്ന തീരുമാനം കൈക്കൊണ്ടത്. ഇതിന് മുന്നോടിയായി ഓരോ വീടുകളിലും വേണ്ട തൈ ഇനങ്ങളുടെ പട്ടികയും തയാറാക്കി. ഓരോ വാർഡിലെയും തെരഞ്ഞെടുത്ത കുടുംബ ശ്രീ അയൽക്കൂട്ടങ്ങളെ പഞ്ചായത്ത് നേരിട്ട് സമീപിക്കുകയും തൈ ഉത്പാദിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

സ്വാശ്രയ സംഘങ്ങളും അയൽക്കൂട്ടങ്ങൾക്കൊപ്പം പദ്ധതിയുടെ ഭാഗമായി. ഇതനുസരിച്ച് 2012 മുതൽ ഓരോ വാർഡിലും താത്ക്കാലിക മഴമറകൾ കെട്ടി പച്ചക്കറി തൈകൾ ഉത്പാദിപ്പിച്ച് തുടങ്ങി. പദ്ധതിയുടെ നടത്തിപ്പിനായി വാർഡ് തലത്തിൽ അയൽക്കൂട്ട സമിതികളും രൂപീകരിച്ചു. ഈ അയൽക്കൂട്ട സമിതികളാണ് ഓരോ വീടു കളിലും പച്ചക്കറി തൈകളെത്തിക്കുന്നത്. ഓരോ വാർഡിലെയും പ്രധാന കർഷകരും കുടുംബശ്രീ- സ്വാശ്രയ സംഘം പ്രവർത്തുകരും ഉൾപ്പെടുന്നതാണ് വാർഡ്തല സംഘാടക സമിതി.

പയർ, പടവലം, പാവൽ, വഴുതന, വെണ്ട, ചീര, പീച്ചിൽ, വെള്ളരി, മത്തൻ, ഇളവൻ,. മുളക് തുടങ്ങി 11 ഇനം പച്ചക്കറി തൈകളായിരുന്നു ഇങ്ങനെ ഉത്പാദിപ്പിച്ച് വിതരണം ചെയ്തത്. ഓരോ വാർഡിലേക്കുമുള്ള തൈകൾ അതാത് വാർഡിൽ ഉത്പാദിപ്പിച്ചു നൽകും.

**<u>സൂക്ഷ്മസംരംഭക യൂണിറ്റുകൾ രൂപീകരിക്കുന്നു</u>**

2016ലാണ് കുടുംബശ്രീ സിഡിഎസുമായി ചർച്ച നടത്തി ഓരോ വാർഡിലും തൈ ഉത്പാദിപ്പിക്കുന്നതിന് സൂക്ഷ്മ സംരംഭക നേഴ്സറി യൂണിറ്റുകൾ രജിസ്ട്രർ ചെയ്യു

ന്നതിന് പഞ്ചായത്തും സിഡിഎസും ഒരുമിച്ച് തീരുമാനം കൈക്കൊള്ളുന്നത്.

- ഓരോ വാർഡിലെയും എഡിഎസ് ഭാരവാഹികളായ ഏഴിൽ നിന്ന് അഞ്ച് അംഗങ്ങൾ വീതം ഉൾപ്പെടുന്നതാണ് ഓരോ യൂണിറ്റും.
- യൂണിറ്റിന് പ്രസിഡന്റും സെക്രട്ടറിയുമുണ്ട്
- ഇതനുസരിച്ച് കഞ്ഞിക്കുഴി സിഡിഎസിന് കീഴിലുള്ള 18 വാർഡുകളിലും തൈ ഉത്പാദത്തിനായി സ്ഥിരം മഴമറകൾ തയാറാക്കി.
- ഓരോ യൂണിറ്റിലെയും ഏതെങ്കിലും ഒരംഗത്തിന്റെ പേരിലുള്ള സ്ഥലത്താണ് ഈ മഴമറകൾ തയാറാക്കിയത്. ഈ അംഗത്തിൽ നിന്ന് മൂന്ന് വർഷത്തേക്ക് സ്ഥലം കരാറിനെടുത്തു.
- 50000 രൂപ മുടക്കി 50 മീറ്റർ സ്ക്വയർ വിസ്തീർണ്ണമുള്ള മഴമറയാണ് നിർമ്മിച്ചത്.
- ഒരു വർഷം മൂന്ന് ഘട്ടങ്ങളിൽ പച്ചക്കറി തൈകൾ ഈ മഴമറയിൽ ഉത്പാദിപ്പിക്കുന്നു.
- ഒരു യൂണിറ്റ് ഒരു ടേമിൽ 45000 പച്ചക്കറി തൈകളാണ് ഉത്പാദിപ്പിച്ച് കൈമാറുന്നത്.
- 2017 ഓഗസ്റ്റ് ആറിന് ആദ്യഘട്ടം പച്ചക്കറി തൈകളുടെ വിതരണം നടത്തി.

**ഫണ്ട്**

യൂണിറ്റുകൾ രൂപീകരിച്ച ഉടൻ തന്നെ കാനറാ ബാങ്കിൽ 18 യൂണിറ്റുകളും അക്കൗണ്ട് ആരംഭിച്ചു. 1 ലക്ഷം രൂപ ലോൺ എടുത്തു. അതിൽ നിന്നാണ് മഴമറ നിർമ്മാണത്തിനും വിത്തിനും ട്രേയ്ക്കും ചകിരിച്ചോർ, വളം എന്നിവയ്ക്കെല്ലാമായി തുക കണ്ടെത്തിയത്. 30 മാസ കാലാവധിയിൽ 11 ശതമാനം പലിശയ്ക്കാണ് വായ്പ എടുത്തത്.

**ചെലവ് (കഞ്ഞിക്കുഴി വാർഡിലെ ഒരു ഘട്ടം)**

| ഇനം | ചെലവായ തുക |
|---|---|
| വിത്ത് (45000) | 50000 |
| വളം (പെർലൈറ്റ്, പെർമിക്കുലേറ്റ്, ചകിരിച്ചോറ്) | 12000 |
| ട്രേ | 5590 |
| പ്രതിഫലം | 12500 |
| **ആകെ** | **80090** |
| | |

വരവ്- 45000 തൈയ്ക്ക് 2.20 രൂപ വച്ച് **99000 രൂപ**

**ലാഭം- 99000-80090 = 18910**

**<u>തൈ ഉത്പാദന പ്രവർത്തനം</u>**

- ഓരോ വീടുകളിലുമുള്ള സ്ഥലം അനുസരിച്ച് അവർക്ക് നൽകേണ്ട തൈയുടെ കണക്ക് സർവ്വേ വഴി തയാറാക്കുന്നതാണ് ആദ്യ ഘട്ടം.
- 2017 ജൂലൈ അവസാനത്തോടെ പയർ, പാവൽ, പടവലം, വെണ്ട, പീച്ചിൽ എന്നീ അഞ്ചിനം വിളകളുടെ തൈകൾ ഉത്പാദിപ്പിച്ച് നൽകാൻ തീരുമാനിച്ചു.

- തൈയുടെ എണ്ണം അനുസരിച്ച് ട്രേ, വളം, ചകിരിച്ചോർ എന്നിവയും കണക്ക് കൂട്ടും
- മുന്നോടിയായിട്ട് പഞ്ചായത്തിന്റെ നേതൃത്വത്തിൽ 90 പേർക്കും പരിശീലനം നൽകി. ഓരോ ഘട്ടത്തിന് മുമ്പും ഇങ്ങനെ പരിശീലനം നൽകുന്നതാണ് പതിവ്.
- ഗ്രാമസഭയുടെ താഴേ തട്ടായ അയൽസഭകൾക്കും ഈ പ്രവർത്തനത്തിൽ പ്രധാന പങ്കുണ്ട്. എല്ലാ വാർഡിലും 50 മുതൽ 75 വരെ വീടുകൾ ചേർത്താണ് ഒരു അയൽസഭ രൂപീകരിക്കുന്നത്. അയൽസഭകളെല്ലാം ചേർന്ന് വാർഡ് വികസന സമിതിയുണ്ട്. അയൽസഭയിൽ കൺവീനറും ജോയ്ന്റ് കൺവീനറുമുണ്ട്. ഓരോ വാർഡിലുമുള്ള ഈ അയൽസഭകളുടെ കൺവീനർമാരും ജോയ്ന്റ് കൺവീനർ മാരും ഉൾപ്പെടുന്നതാണ് വാർഡ് വികസന സമിതി.
- അയൽസഭയിലെ അംഗങ്ങളെ വിളിച്ച് തൈ എന്നത്തേക്ക് എത്തുമെന്ന് അറിയിക്കും. അതനുസരിച്ച് വീടുകളിലോരോന്നിലും പറമ്പ് കൃഷിക്കായി തയാറാക്കി ഇടും.
- ഓരോ വാർഡിലെയും യൂണിറ്റുകളിലേക്ക് വേണ്ട വിത്തിന്റെ കണക്കെടുത്ത ശേഷം പൊള്ളാച്ചി, മണ്ണുത്തി എന്നിവിടങ്ങളിൽ പോയി ഹൈബ്രിഡ് വിത്തുകൾ ഒരുമിച്ച് വാങ്ങും. പരിചയ സമ്പന്നരായ കർഷകർ
- ഒരു ദിവസം തന്നെ എല്ലാ യൂണിറ്റുകളിലും വിത്ത് പാകും. പത്ത് ദിവസം കൊണ്ട് തൈകൾ ഉത്പാദിപ്പിക്കും. ഓരോ വിത്തും നട്ട് പറിച്ചുനടാൻ പാകമാകുന്ന കാലയളവ് വ്യത്യസ്തമാണ്. അതിനാൽ തന്നെ ഓരോ വിത്തും ഈ പത്ത് ദിവസത്തിനുള്ളിൽ  എപ്പോൾ വിതയ്ക്കണം എന്ന കാര്യങ്ങളൊക്കെ പരിശീലനത്തിൽ ക്ലാസ്സുകൾ നൽകും
- കൃഷി ഓഫീസർ, കാർഷിക ഉപദേശക സമിതി അംഗങ്ങൾ എന്നിവരെല്ലാം തൈ ഉത്പാദനത്തിന് വിദഗ്ധ മാർഗ്ഗനിർദ്ദേശങ്ങൾ നൽകും.
- തൈകൾ ഉത്പാദിപ്പിച്ച ശേഷം തൈകൾ അയൽക്കൂട്ട സമിതി കൺവീനറുടെ വീടുകളിലേക്ക് എത്തിച്ച് നൽകും

- ഒരു തൈയ്ക്ക് 2.20 രൂപ വച്ച് ഓരോ യൂണിറ്റിന്റെയും അക്കൗണ്ടിലേക്ക് പണം പഞ്ചായത്തിൽ നിന്ന് കൈമാറും.
- ഈ തുകയിൽ നിന്ന് പത്ത് ദിവസത്തെ ജോലിക്ക് അഞ്ച് പേർക്കുമുള്ള പ്രതിഫലം വീതിച്ചെടുക്കും.
- ശേഷിച്ച തുക അക്കൗണ്ടിൽ തന്നെ ഇടും. വിത്തിനും തൈകൾ കൺവീനറുടെ വീടുകളിലേക്ക് എത്തിക്കുന്നതിനുമുള്ള ചെലവടക്കമുള്ള കാര്യങ്ങൾക്കാണ് ഈ തുക കണക്കാക്കിയിരിക്കുന്നത്.

**<u>ഭാവി</u>**

- നഴ്സറി ലൈസൻസ് നേടാൻ അപേക്ഷ നൽകി കഴിഞ്ഞു.

---